## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1895 05.10.2016-ന് മറുപടിയ്ക്ക്**

## ഭൂമി വിട്ടുകിട്ടാൻ നടപടി

**ചോദ്യം**

**ശ്രീ. ജോർജ് എം. തോമസ്**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിലകൊടുത്തു വാങ്ങിയ ഭൂമി വനം വകുപ്പിൽ നിന്നും വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് വള്ളിക്കാട്ടിൽ, കുരോട്ടുപാറ എന്നയാളുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭൂമി വിട്ടു നൽകുന്നതിന് എന്തു തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശ്രീ. വള്ളിക്കാട്ടിൽ തോമസ് എന്നയാൾ അവകാശവാദം ഉന്നയിക്കുന്ന സ്ഥലം താമരശ്ശേരി റെയ്ഞ്ചിൽ എടത്തറ സെക്ഷനിൽ മീൻമുട്ടി ബീറ്റിൽപ്പെട്ടതും വി.എഫ്.സി. ഐറ്റം നമ്പർ 125 ൽ കോടഞ്ചേരി വില്ലേജിൽ റി.സ. 15/1 ൽപ്പെട്ടതുമായ വനഭൂമിയാണ്. ടി സ്ഥലം 10.05.1971 മുതൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് 1971 സെക്ഷൻ 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായതും സർവ്വെ ഡിമാർക്കേഷൻ കഴിഞ്ഞ് ജണ്ട കെട്ടി സംരക്ഷിച്ചു വരുന്നതുമായ വനഭൂമിയാണ്. |
| (സി) | തടസ്സങ്ങൾ ഒഴിവാക്കി അർഹമായ ഭൂമി വിട്ടു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | മേൽ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി ആയതിനാൽ അപേക്ഷകന് വിട്ടു നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ